'ഭരണഭാഷ- മാതൃഭാഷ'

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ ക്ലീൻ ചാലിയാർ പദ്ധതിയുടെ ഭാഗമായി 40 ടൺ അജൈവ മാലിന്യങ്ങൾ എനർജി പ്ലാന്റിലേക്ക് കൊണ്ടുപോകുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവ് ശുചിത്വ മേഖലയ്ക്കായി മാറ്റി വച്ചിരിക്കുന്ന 10 ശതമാനം തുകയിൽ നിന്നും നൽകുന്നതിന് ചാലിയാർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.2693/2019/LSGD തീയതി,തിരുവനന്തപുരം, 28/11/2019

---

പരാമർശം:- 1 ചാലിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2019-ലെ കത്ത്

2 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.08.2019-ലെ കുറിപ്പ്

3 24.10.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.18

**ഉത്തരവ്**

ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ ക്ലീൻ ചാലിയാർ പദ്ധതിയുടെ ഭാഗമായി ശേഖരിച്ചിട്ടുള്ള സംസ്കരിക്കുവാൻ കഴിയാത്ത അജൈവ മാലിന്യങ്ങൾ എനർജി പ്ലാന്റിലേക്ക് കൊണ്ടുപോകുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവ് ശുചിത്വ മേഖലയ്ക്കായി മാറ്റി വച്ചിരിക്കുന്ന 10 ശതമാനം തുകയിൽ നിന്നും നൽകുന്നതിന് ചാലിയാർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു.

2. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തന നഷ്ടം 2019 മെയ് വരെ 7,02,562/- രൂപയാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2019 മെയ് വരെ 4,79,068/- രൂപ വയബിലിറ്റി ഗ്യാപ് ഫണ്ടായി പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക കുറച്ചാൽ പദ്ധതിയുമായി ബന്ധപ്പെട്ട നഷ്ടം 2,23,500/- രൂപയാണ്. മാലിന്യത്തിന്റെ ട്രാൻസ്പോർട്ടേഷനുള്ള ടെണ്ടർ മാനദണ്ഡപ്രകാരമാകണമെന്നും നിരക്ക് സംബന്ധിച്ച് നെഗോഷിയേറ്റ് ചെയ്യണമെന്നുമുള്ള നിബന്ധനയോടെ ഇപ്പോഴുള്ള 40 ടൺ മാലിന്യം മാറ്റുന്നതിന് ചാലിയാർ പഞ്ചായത്തിന് അനുമതി നൽകുന്നതിന് 24.10.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 24.10.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(3)

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ ക്ലീൻ ചാലിയാർ പദ്ധതിയുടെ ഭാഗമായി ശേഖരിച്ചിട്ടുള്ളതും സംസ്കരിക്കുവാൻ കഴിയാത്തതുമായ ഇപ്പോഴുള്ള 40 ടൺ അജൈവ മാലിന്യം എനർജി പ്ലാന്റിലേക്ക് കൊണ്ടുപോകുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, ശുചിത്വ മേഖലയ്ക്കായി മാറ്റി വച്ചിട്ടുള്ള 10 ശതമാനം തുകയിൽ നിന്നും ചെലവഴിക്കുന്നതിന് ചാലിയാർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ട്രാൻസ്പോർട്ടേഷനുള്ള ടെണ്ടർ മാനദണ്ഡപ്രകാരമായിരിക്കണം.
ii. നിരക്ക് സംബന്ധിച്ച് നെഗോഷിയേറ്റ് ചെയ്യണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പ്രസിഡന്റ് / സെക്രട്ടറി, ചാലിയാർ ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.11.29 10:40:53 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്